# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1541 — 18.06.2012 ന് മറുപടിക്ക്

## ഭരണ ഭാഷ മലയാളമാക്കുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ.പി.കെ.ബഷീർ : — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ഏതെല്ലാം വകുപ്പുകളിൽ ആയത് നടപ്പിൽ വരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെയായി ഘട്ടം ഘട്ടമായി ഭരണഭാഷ മലയാളമാക്കിയ സർക്കാർ വകുപ്പുകൾ 72 ഉം സ്വയംഭരണ സ്ഥാപനങ്ങൾ 31 ഉം പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളുടെ വിഭാഗത്തിൽ വരുന്നവ 44 എണ്ണവും ഉണ്ട്. കൂടാതെ എല്ലാ വകുപ്പുകളിലെയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്ന നടപടികൾ നടന്നു വരുന്നു. വെബ്സൈറ്റുകൾ മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഭരണഭാഷ മലയാളമാക്കിക്കൊണ്ടുള്ള ഉത്തരവ് പല വകുപ്പുകളിലും പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഭരണഭാഷ മലയാളമാക്കിയ വകുപ്പുകളിൽ അതു പാലിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണസിരാ കേന്ദ്രമായ സെക്രട്ടേറിയറ്റിൽ എത്ര ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്തുവെന്ന് വിശദമാക്കുമോ ; | (സി) | 2011 മേയ് മാസം മുതൽ 2012 മാർച്ച് മാസം വരെ 3,87,662 ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്തിട്ടുണ്ട്. |
| (ഡി) | കാലക്രമത്തിൽ കോടതി നടപടി ക്രമങ്ങളും ഉത്തരവുകളും സാധാരണക്കാർക്ക് മനസ്സിലാകുന്നതിന് മലയാള ഭാഷയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ ? | (ഡി) | കോടതി ഭാഷ മലയാളം ആക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ്.കെ.കെ.നരേന്ദ്രൻ കമ്മിറ്റി ശുപാർശകൾ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പഠിച്ച് ബഹു.ഹൈക്കോടതി ജഡ്ജസ് കമ്മിറ്റി സമർപ്പിച്ച നിർദേശങ്ങളും കോടതികളിലെ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനുള്ള ഉന്നതതല സമിതിയുടെ യോഗതീരുമാനങ്ങളും സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതി വിധിന്യായങ്ങളും ഹൈക്കോടതി വിധിന്യായങ്ങളും മറ്റും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് ഒരു മലയാള നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്നതിനും 1987-ൽ നിയമവകുപ്പ് പ്രസിദ്ധീകരിച്ച 'നിയമ ശബ്ദാവലി' ഔദ്യോഗിക ഭാഷാ വകുപ്പിന്റെ പങ്കാളിത്തത്തോടെ പരിഷ്ക്കരിക്കുന്നതിനും മറ്റ് അനുബന്ധ ചുമതലകൾക്കുമായി നിയമ(ഔദ്യോഗിക ഭാഷാ-പ്രസിദ്ധീകരണ സെൽ) വകുപ്പ് എന്ന പേരിൽ ജി.ഒ(എം.എസ്).78/12/നിയമം തീയതി 02.03.2012 പ്രകാരം ഒരു പുതിയ വകുപ്പ് കൂടി നിയമവകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ